# 20th Meeting of Indian Ocean Rim Association Council of Ministers

December 17, 2020

---

## മന്തിമാർക്കായുള്ള ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷന്റെ 20 മത് സമ്മേളനം

**ഡിസംബർ 17, 2020**

1. 2020 ഡിസംബർ 17 ന് IROA യുടെ അധ്യക്ഷതയിൽ, UAE യുടെ ആതിഥേയത്വത്തിൽ വിർച്വൽ ആയി നടന്ന ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ (IORA) , കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് (COM) എന്നിവയുടെ 20 മത് സമ്മേളനത്തിൽ വിദേശ സഹകാര്യമന്ത്രിയായ വി. മുരളിധരൻ ഇന്ത്യൻ വിഭാഗത്തെ നയിച്ചു. 22 അംഗ രാജ്യങ്ങളും 10 ചർച്ച പങ്കാളികളും സമ്മേളനത്തിൽ പങ്കെടുത്തു. IROA അംഗരാജ്യങ്ങൾക്ക് പൊതുവായ താല്പര്യമുള്ള പ്രദേശികവും അന്തർദേശീയവുമായ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. കോവിഡ്-19 പ്രതികരണവുമായി ബന്ധപ്പെട്ട എമിറൈറ്സ്ന്റെ വിജ്ഞാപനവും IORA യുടെ ഐക്യദാർഢ്യവും സഹകരണ പ്രസ്താവനയും COM സ്വീകരിച്ചു .

2. തന്റെ പ്രസ്താവനയിൽ, ഇന്ത്യൻ സമുദ്ര പ്രവിശ്യയിലെ ഇൻഡോ പസഫിക്ക് പ്രവിശ്യയിലെ പ്രാദേശിക സഹകരണത്തിനായുള്ള പ്ലാറ്റ്ഫോം എന്ന നിലയിൽ IORA യുടെ പ്രാധാന്യം വിദേശകാര്യസഹമന്ത്രി ഉയർത്തികാണിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, വിദ്യാഭാസം , ശാസ്ത്ര സാങ്കേതിക എന്നീ പ്രധാനപ്പെട്ട മേഖലകളിൽ ഏകോപന രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ നൽകിയ സംഭാവനകൾ അദ്ദേഹം നിരീക്ഷിച്ചു. പകർച്ചവ്യാധിയ്ക്കു ശേഷമുള്ള സമഗ്രമായ വീണ്ടെടുപ്പ് ലക്ഷ്യം വച്ച് കൊണ്ട് , പരമ്പരാഗത ചികിത്സ, വിനോദസഞ്ചാരം എന്നീ മേഖലകളിൽ IORA അംഗത്വ രാജ്യങ്ങളുടെ മികച്ച സഹകരണം അദ്ദേഹം ആവശ്യപ്പെട്ടു. IORA മെച്ചപ്പെടുത്തുന്നതിനായുള്ള ഇന്ത്യയുടെ പ്രതിബദ്ധതയോടനുബന്ധിച്ച് IORA സെക്രട്ടറിയേറ്റിൽ ഒരു IT വിദഗ്ദ്ധനെ നിയമിക്കുന്നുവെന്നത് അദ്ദേഹം നിരീക്ഷിച്ചു. കൂടാതെ IROA സെക്രട്ടറിയേറ്റിൽ ഇ-ഓഫിസ് സംവിധാനം , മഹാത്മാഗാന്ധി ലൈബ്രറി എന്നിവ തുടങ്ങുന്നതാണെന്നും പ്രഖ്യാപിച്ചു.

3. 1997 ലെ IORA യുടെ സ്ഥാപനം മുതൽ, സ്ഥാപക അംഗമെന്ന നിലയിൽ ഇതിന്റെ വളർച്ചയിൽ ഇന്ത്യ പ്രതിബദ്ധത പുലർത്തുന്നു.2011 ലെ ഇന്ത്യയുടെ അധ്യക്ഷത കാലഘട്ടത്തിൽ , എല്ലാ പ്രവർത്തനങ്ങൾക്കും മാർഗനിർദേശകങ്ങളായി ആറു മുൻഗണന മേഖലകൾ IORA സ്വീകരിച്ചിരുന്നു. മികച്ച പ്രാദേശിക പങ്കാളിത്തത്തോടെ ഇൻഡോ - പസഫിക് പ്രവിശ്യയിൽ സമാധാനവും സമൃദ്ധിയും വളർത്തുന്നതിനുള്ള സവിശേഷമായ പ്ലാറ്റ്ഫോമായാണ് ഇന്ത്യ IORA യെ കാണുന്നത്.

**ന്യൂ ഡൽഹി ,**
**17 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.